LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പിൽ, കാസർഗോഡ് ജില്ലയിലെ അനുവദനീയമായ തസ്തികകൾ

113 (118) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ, കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണെന്ന് തസ്തിക, ഓഫീസ് എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) ജില്ലയിൽ ആകെ എത്ര ഫിഷറീസ് വില്ലേജുകളാണുള്ളതെന്നും ഓരോ ഫിഷറീസ് വില്ലേജിലും അധിവസിക്കുന്ന ഫിഷർമെൻ എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഫിഷറീസ് വകുപ്പിനെ ആശ്രയിക്കുന്ന ഉൾനാടൻ മേഖലയിലെ മത്സ്യകർഷകരുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ജില്ലയിൽ ഫിഷറീസ് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനമടക്കം ബുദ്ധിമുട്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ അധികമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിന്റെ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള ഓഫീസ്, തസ്തികകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) കാസർഗോഡ് ജില്ലയിലെ ഫിഷറീസ് വില്ലേജുകളുടെയും ഓരോന്നിലും അധിവസിക്കുന്ന ഫിഷർമെന്റെ എണ്ണത്തെയും സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.*

(സി) ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി ആകെ 6,308 മത്സ്യ കർഷകരുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.